പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1869 16/02/2016 -ൽ മറുപടിയ്ക്ക്

<u>ബിയർ വൈൻ പാർലറുകളുടെ ലൈസൻസ്</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.പി.ടി.എ.റഹീം | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) 2014 മാർച്ച് 31 വരെ ബിയർ, വൈൻ പാർലറുകളും ഹെറിറ്റേജ് ഹോട്ടലുകളും ഉൾപ്പെടെ എത്ര മദ്യശാലകൾക്കാണ് ലൈസൻസ് നൽകിയിരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) 2014 മാർച്ച് 31 വരെ 740 ഹോട്ടലുകൾക്ക് ബാർ ലൈസൻസും 107 ഹോട്ടലുകൾക്ക് ബിയർ/വൈൻ പാർലർ ലൈസൻസും നൽകിയിരുന്നു. |
| (ബി) പ്രസ്തുത വർഷം ലൈസൻസ് ഇനത്തിലുള്ള വരുമാനം എത്രയായിരുന്നു; | (ബി) പ്രസ്തുത വർഷം ബാർ ലൈസൻസ്, ബിയർ/വൈൻ പാർലർ ലൈസൻസ് എന്നീ ഇനത്തിൽ 174 കോടി 48 ലക്ഷം രൂപയായിരുന്നു വരുമാനം. |
| (സി) 2015 ഡിസംബർ 31 വരെ സംസ്ഥാനത്ത് ബിയർ വൈൻ പാർലറുകൾ ഉൾപ്പെടെ എത്ര മദ്യശാലകൾക്കാണ് ലൈസൻസുള്ളത്; 2015 ഡിസംബർ 31 വരെ തന്നാണ്ടിൽ ലൈസൻസ് ഇനത്തിൽ ലഭിച്ച തുക എത്രയാണെന്ന് വിശദമാക്കാമോ? | (സി) 2015 ഡിസംബർ 31 വരെ 28 ഹോട്ടലുകൾക്ക് ബാർ ലൈസൻസും 803 ഹോട്ടലുകൾക്ക് ബിയർ/വൈൻ പാർലർ ലൈസൻസും നൽകിയിരുന്നു. 2015 ഡിസംബർ 31 വരെ തന്നാണ്ടിൽ ബാർ ലൈസൻസ് ഇനത്തിൽ 6 കോടി 44 ലക്ഷം രൂപയും ബിയർ/വൈൻ പാർലർ ലൈസൻസ് ഇനത്തിൽ 32 കോടി 12 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 38 കോടി 56 ലക്ഷം രൂപയാണ് ലഭിച്ചത്. |

സെക്ഷൻ ഓഫീസർ